**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2881** **18.06.2019 ൽ മറുപടിക്ക്**

**തങ്കളം-കോഴിപ്പള്ളി ന്യൂ ബൈപാസ് റോഡ്**

| **ചോദ്യം**<br>**ശ്രീ.ആന്റണി ജോൺ** | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) കോതമംഗലം മണ്ഡലത്തിലെ തങ്കളം- കോഴിപ്പള്ളി ന്യൂ ബൈപാസ് റോഡിന് എത്ര തുകയുടെ ഭരണാനുമതിയാണ് ലഭ്യമായിട്ടുള്ളതെന്നും ഇതിൽ എത്ര തുക വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ; | (എ) തങ്കളം- കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് റോഡ് പ്രവൃത്തിക്കും, കുരൂർ പാലത്തിന്റെ നിർമ്മാണത്തിനുമായി 21.01.2009 ലെ ജി.ഒ(ആർ.ടി)83/2009/പി.ഡബ്ല്യൂ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 580 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുപ്പിനായി ആകെ 948 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 698 ലക്ഷം രൂപ കോതമംഗലം തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തിക്കായി എത്ര സ്ഥലമാണ് ഏറ്റെടുക്കേണ്ടതെന്നും നിലവിൽ എത്ര സ്ഥലം ഏറ്റെടുത്തുവെന്നും ഇനി എത്ര സ്ഥലം കൂടി ഏറ്റെടുക്കുവാൻ ഉണ്ടെന്നും വ്യക്തമാക്കാമോ; എന്നത്തേക്ക് സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) ഈ റോഡിനു വേണ്ടി 4.2263 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. ഇതിൽ 3.2552 ഹെക്ടർ സ്ഥലം 10.06.2009 ന് മുമ്പായി ഏറ്റെടുത്തു. നിലവിൽ 25.76 ആർ സ്ഥലം ലാന്റ് അക്വസിഷൻ വഴിയും 22.68 ആർ സ്ഥലം ലാൻറ് ട്രാൻസ്ഫർ വഴിയും ഇനിയും ഏറ്റെടുക്കേണ്ടതുണ്ട്. കോതമംഗലം എൽ.എ തഹസീൽദാർ ഓഫീസിൽ നിന്നുമാണ് സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തീകരിക്കേണ്ടത്. ലാന്റ് ട്രാൻസ്ഫർ വഴി ഏറ്റെടുക്കേണ്ട സ്ഥലത്തിന് മുനിസിപ്പാലിറ്റിയിൽ നിന്നും, എക്സൈസ് ഓഫീസിൽ നിന്നും സമ്മത പത്രം ലഭ്യമായിട്ടില്ല. ഈ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ എൽ.എ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. |
| (സി) പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരൻ, തന്നെ കരാറിൽ നിന്നും | (സി) ഉണ്ട്. തടസ്സ രഹിത ഭൂമിയുടെ ലഭ്യത ഉറപ്പ് വരുത്തി പുതുക്കിയ എസ്റ്റിമേറ്റ് സഹിതം |

| | | |
|---|---|---|
| | ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | പ്രൊപ്പോസൽ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തിക്കായി 2019-20 വർഷത്തെ ബഡ്ജറ്റിൽ 20% തുക അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. |
| (ഇ) | പ്രസ്തുത പ്രവൃത്തിയിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ? | സ്ഥലം ഏറ്റെടുപ്പ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ തുടർ നടപടികൾ ഒന്നും സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ